ശ്രീ. തോമസ് ഉണ്ണിയാടൻ: തീർച്ചയായിട്ടും. ശ്രീ. കുഞ്ഞിരാമൻ പറഞ്ഞത് വളരെ പ്രസക്തമായ കാര്യമാണ്. എല്ലാ വിഭാഗത്തിലുള്ള കർഷകരേയും മുന്നിൽ കണ്ടുകൊണ്ടാണ് ഞാൻ ഈ ബിൽ കൊണ്ടുവന്നത്. സമ്പന്നന്മാരായിട്ടുള്ള കർഷകർ ഒരു വിഭാഗമുണ്ട്. അവരുടെ വരുമാനത്തിൽ നിന്ന് വാങ്ങണം. പാവപ്പെട്ട കർഷകനെ സഹായിക്കാൻ വേണ്ടിയാണ് കാർഷികോൽപ്പന്ന വിഭവങ്ങൾ സ്റ്റാർ ഹോട്ടലുകളിലും മറ്റു വലിയ ഹോട്ടലുകളിലും കൊടുക്കുന്ന സന്ദർഭത്തിൽ വ്യക്തമായ നിലയിൽ ചില കാര്യങ്ങളിൽ നീക്കമുണ്ടായാൽ അവരിൽ നിന്നും ടാക്സ് ഈടാക്കാൻ കഴിയും. ആ ടാക്സ് ഈ ഫണ്ടിലേയ്ക്ക് കൊണ്ടുവന്നാൽ പാവപ്പെട്ട, ദരിദ്രരായിട്ടുള്ള, കഷ്ടതയനുഭവിക്കുന്ന കർഷകരുടെ വിഹിതമായി ഈ ഫണ്ടിലേയ്ക്ക് നമുക്ക് കൊണ്ടുവരാൻ കഴിയും. തീർച്ചയായിട്ടും ഗവൺമെന്റിന്റെ നേതൃത്വത്തിൽ നടത്തുന്ന ഒരു സാഹചര്യം ശാശ്വതമായി ഉണ്ടായാൽ കേരളത്തിലെ കർഷകരെ രക്ഷപ്പെടുത്തുന്നതിനുവേണ്ടിയുള്ള ഒരു പദ്ധതിയായിരിക്കും ഇത്.

മി. ഡെപ്യൂട്ടി സ്പീക്കർ: You can continue next time.

ശ്രീ. തോമസ് ഉണ്ണിയാടൻ: I will continue next time.

(ചർച്ച തുടരും)

(10) 2002-ലെ പമ്പാനദി സംരക്ഷണ അതോറിറ്റി രൂപീകരണ ബിൽ

ശ്രീമതി ശോഭനാ ജോർജ്: സർ, 2002-ലെ പമ്പാനദി സംരക്ഷണ അതോറിറ്റി രൂപീകരണ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. എ. വാഹീദ്: സർ, ഞാൻ പിൻതാങ്ങുന്നു.

ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എം. ഹസ്സൻ): സർ, ദക്ഷിണഗംഗ എന്ന് പുകഴ്പെറ്റ പുണ്യനദിയാണ് പമ്പാനദി. കോടിക്കണക്കിന് ശബരിമല തീർത്ഥാടകർ പമ്പയിൽ മുങ്ങിക്കുളിച്ചാണ് സായൂജ്യമടയുന്നത്.
12.00 Noon] തീർത്ഥാടകരുടെ പ്രവാഹവും പമ്പയുടെ മാർഗ്ഗമധ്യേയുള്ള പട്ടണങ്ങളിൽ നിന്നും ഒഴുകിയെത്തുന്ന മാലിന്യങ്ങളുമൊക്കെ പുണ്യ നദിയായ പമ്പയെ മലിനമാക്കുന്നതിന് വലിയ പങ്കുവഹിക്കുന്നുണ്ട്. പമ്പയുടെ പരിപാവനത നിലനിർത്തുക എന്നത് പാരിസ്ഥിതിക പ്രശ്നത്തേക്കാളുപരി കോടിക്കണക്കിന് ശബരിമല തീർത്ഥാടകരുടേയും കേരളീയരുടേയും ആവശ്യമാണ്. ഇതിനുവേണ്ടിയുള്ള മുറവിളി പല കേന്ദ്രങ്ങളിലും ഉയർന്നുവന്നിട്ടുണ്ട്. പമ്പാനദിയുടെ മാഹാത്മ്യവും പ്രാധാന്യവും ഇതിനകംതന്നെ അംഗീകരിക്കപ്പെട്ടുകഴിഞ്ഞു. ദേശീയ നദി സംരക്ഷണ പദ്ധതിയിൽ കേന്ദ്രസർക്കാർ പമ്പാ നദിയെ ഉൾപ്പെടുത്തിക്കഴിഞ്ഞു. മലിനീകരണ വിമുക്തമാക്കി പമ്പാനദിയുടെ പരിശുദ്ധി നിലനിർത്തുന്നതിനുവേണ്ടി കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് ഒരു ആക്ഷൻ പ്ലാൻ തയ്യാറാക്കിയത് കേന്ദ്ര പരിസ്ഥിതി വകുപ്പിന് സമർപ്പിച്ചിരിക്കുന്നു. ഇതിനുവരുന്ന ചെലവിന്റെ 70% കേന്ദ്രസർക്കാരും 30% സംസ്ഥാന

LIBRARY ARCHIVES Kerala Legislative Assembly

സർക്കാരും വഹിക്കണമെന്നാണ് ധാരണ. ഈ ആക്ഷൻ പ്ലാനിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന വാട്ടർ അതോറിട്ടിയുടെ സുപ്രണ്ടിംഗ് എഞ്ചിനീയറുടെ നിയന്ത്രണത്തിലുള്ള കമ്മിറ്റി തയ്യാറാക്കിയ 319.70 കോടി രൂപ അടങ്കൽ ചെലവ് പ്രതീക്ഷിക്കുന്ന ഒരു പ്രോജക്ട് റിപ്പോർട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി 12-12-2002-ൽ ബഹുമാനപ്പെട്ട പ്രധാനമന്ത്രിക്കും പ്ലാനിംഗ് കമ്മീഷൻ ഡെപ്യൂട്ടി ചെയർമാനും സമർപ്പിക്കുകയുണ്ടായി. ഈ ആക്ഷൻ പ്ലാൻ കേന്ദ്ര ഗവൺമെന്റിന്റെ പരിഗണനയിലാണ്. ഈ പശ്ചാത്തലത്തിൽ പമ്പാ നദി സംരക്ഷിക്കുന്നതിനുവേണ്ടി ഒരു പ്രത്യേക അതോറിറ്റി രൂപീകരിക്കുന്നതിന് പ്രസക്തി യില്ലാത്തതിനാൽ ബഹുമാനപ്പെട്ട മെമ്പറുടെ ഈ ബില്ലിനെ ഞാൻ വളരെ ഖേദത്തോടുകൂടി, വളരെ വിഷമത്തോടുകൂടി എതിർക്കുകയാണ്.

<u>ശ്രീമതി ശോഭനാ ജോർജ്:</u> സർ, എന്നെപ്പോലെ അർഹിക്കാത്ത ശാപം ഈ ബില്ലുകൾക്കുകൂടി ഉണ്ടാകണ്ടായെന്നു വിചാരിച്ചിട്ടാണ് ജീവന്റെ തുടിപ്പുള്ള, കണ്ണീരിന്റെ നനവുള്ള ഈ നാലു ബില്ലുകൾ ഇവിടെ അവതരിപ്പിക്കാൻ ഞാൻ തീരുമാനിച്ചത്. മന്ത്രി വളരെ ഗൗരവത്തോടുകൂടി തന്നെ ഈ വിഷയം ഇവിടെ അവതരിപ്പിച്ചു. ഇത് 2002-ൽ ഞാൻ കൊണ്ടുവന്ന ബില്ലാണ്, വർഷം ഇപ്പോൾ രണ്ടു കഴിഞ്ഞിരിക്കുന്നു. ഇതിനുമുമ്പ് 1992-ൽ പമ്പാ നദിയെക്കുറിച്ച് ഞാനൊരു സബ്മിഷൻ കൊണ്ടുവന്നു. അന്ന് അന്നത്തെ ജലസേചന വകുപ്പുമന്ത്രി പറഞ്ഞത് ഇങ്ങനെയൊരു വിഷമം പമ്പാനദി നേരിടുന്നു എന്നുള്ളത് ഞങ്ങൾക്ക് അറിയില്ല എന്നാണ്. അപ്പോൾ 1992-ൽ പമ്പാനദി മരിച്ചുകൊണ്ടിരിക്കുന്നു എന്നുപറഞ്ഞ് ഒരു സബ്മിഷൻ കൊണ്ടുവന്ന എനിക്ക് വീണ്ടും 12 വർഷത്തിനുശേഷം അതേ വിഷയം ഇവിടെ കൊണ്ടുവരണമെങ്കിൽ പമ്പാനദിയുടെ തീരത്തു താമസിക്കുന്ന എന്നെ സംബന്ധിച്ചിടത്തോളം തിരുവനന്തപുരത്തിരുന്ന് ഈ കാര്യങ്ങൾ കൈകാര്യം ചെയ്യുന്ന മന്ത്രിയേക്കാൾ കൂടുതൽ അറിവുള്ളതുകൊണ്ടാണ്, അനുഭവപരിജ്ഞാനമുള്ളതുകൊണ്ടാണ്. ഈ കാര്യത്തിൽ ഒരു അടിയന്തിര നടപടിയു ണ്ടായെങ്കിൽ മാത്രമേ ഈ പ്രശ്നം പരിഹരിക്കപ്പെടുകയുള്ളൂ. പമ്പ മറ്റുള്ളവർ അടിച്ചേല്പിക്കപ്പെട്ട കുറ്റങ്ങളുടെ ബലിയാടായിരിക്കുകയാണ്. പമ്പയ്ക്ക് ശാപമോക്ഷം നൽകേണ്ടത് ഏറ്റവും അത്യാവശ്യമാണ്. പമ്പയ്ക്കുമാത്രമല്ല ശാപം കിട്ടിയത്, അവൾ മാത്രമല്ല വഞ്ചനയുടെ കുരിശ്ശിൽ തറയ്ക്കപ്പെട്ടതും. പുരാണങ്ങളിൽ വിഷ്ണു ഭക്തന്മാരായിരുന്ന ജയവിജയന്മാർ ശാപംകൊണ്ട് മൂന്നു പ്രാവശ്യം അസുരന്മാരായി ജനിക്കേണ്ടിവന്നു. തന്റേതല്ലാത്ത തെറ്റിന് അഹല്യയ്ക്ക് ശിലയാകേണ്ടിയും വന്നു. ഡെസ്ഡിമോണയ്ക്ക് സ്വന്തം ജീവൻതന്നെ നൽകേണ്ടിയുംവന്നു. ദേവസ്ത്രീയായ ഉർവശിക്ക് മനുഷ്യസ്ത്രീയായി ജനിക്കേണ്ടിവന്നു. ശകുന്തളയെ രാജാവ് മറന്നതും മുൻകോപിയായ ദുർവാസാവിന്റെ ശാപംകൊണ്ടാണ്. എന്നാലും ഞാൻ ഉദ്ദേശിക്കുന്നത് ശാപമുണ്ടായാൽ ഒരു ശാപമോക്ഷം ഉണ്ടാവണം. മത്സ്യഗന്ധിയായ സത്യവതിക്ക് കസ്തൂരിഗന്ധിയായി ശാപമോക്ഷം കിട്ടി. കാട്ടാളൻ വാത്മീകിയായതും ശാപമോക്ഷത്തിലൂടെയാണ്. അങ്ങനെയെങ്കിൽ പരിശുദ്ധയായ ഈ പമ്പയെ, ഇന്ന് മലിനപ്പെട്ടിരിക്കുന്ന ഈ പമ്പയെ വിശുദ്ധീകരിക്കേണ്ടത് അത്യാവശ്യമായി വന്നിരിക്കുന്നു. കേരളത്തെ സംബന്ധിച്ചിടത്തോളം

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിന്റെ ഗംഗയാണ് പമ്പ. വിശുദ്ധിയുടെ തീർത്ഥത്തെ ഇന്ന് ഏറ്റവും കൂടുതൽ മലിനവാഹിനിയാക്കി മാറ്റിയിരിക്കുന്നു. അതിൽ എല്ലാവർക്കും പങ്കുണ്ട്. പമ്പയിലെ ജലം ഇന്ന് കൊക്കകോളപോലെയായിരിക്കുന്നു എന്നു പറയുന്നതാകും ശരി. മനുഷ്യനും ജന്തുക്കളും ഇന്ന് പമ്പാ നദിയിലെ വിഷം കഴിക്കുന്നു എന്നുപറഞ്ഞാൽ ആ നിലയിലേയ്ക്ക് പമ്പാനദിയുടെ സ്ഥിതി മാറിയിരിക്കുകയാണ്. ഒരിക്കൽ മാരാമൺ കൺവെൻഷൻ നടത്താൻ കഴിയാതെ ബുദ്ധിമുട്ടുണ്ടായ സന്ദർഭമുണ്ടായി. അത് പമ്പാ നദിയിൽ വെള്ളം കൂടുതലുണ്ടായിട്ടാണ്. ആറന്മുള വള്ളംകളി നടത്താൻ കഴിയാത്ത സ്ഥിതിയുണ്ടായി. അത് ആ പ്രദേശത്തെ പമ്പാ നദിയിൽ വെള്ളം കുറഞ്ഞിട്ടാണ്. അതായത് പമ്പാ നദിയുടെ ഘടനയിൽപ്പോലും വ്യത്യാസം വന്നിരിക്കുന്നു എന്നുള്ളതാണ് സത്യം. ഇത് നമ്മുടെ കേരളത്തിന്റെ മാത്രം പ്രശ്നമല്ല. പമ്പാനദിയുടെ ഉത്ഭവമെന്നു പറയുന്നത് ശബരിമലയിൽ നിന്നുമാണ്. നാലുജില്ലകളെ തഴുകിപ്പോകുന്ന ഈ പമ്പാനദി 50 ലക്ഷത്തോളം വരുന്ന കേരളത്തിലെ പമ്പാനദിയുടെ തീരത്ത് ജീവിക്കുന്നവർക്കുമാത്രമല്ല, അന്യനാടുകളിൽനിന്നും അന്യരാജ്യങ്ങളിൽനിന്നും ലക്ഷക്കണക്കിനു ജനങ്ങൾ ശബരിമല അയ്യപ്പന്റെ സന്നിധിയിൽ എത്തിച്ചേരാൻ വരുമ്പോൾ പമ്പാനദിയിൽ മുങ്ങിക്കുളിച്ച് അയ്യപ്പനെ തൊഴുമ്പോൾ മാത്രമാണ് അവർക്ക് മോക്ഷപ്രാപ്തി ലഭിക്കുന്നതെന്നാണ് വിശ്വാസം. ഞാൻ ഈ ഗവൺമെന്റിനെമാത്രം കുറ്റംപറയാൻ ആഗ്രഹിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തമ്പാനൂർ രവി: സർ, ബഹുമാനപ്പെട്ട മെമ്പർ പമ്പാനദി സംരക്ഷണ ബില്ലാണ് ഇവിടെ അവതരിപ്പിക്കുന്നത്. അങ്ങേയ്ക്കറിയാം, കേരളത്തിൽ പെരിയാർ ഉൾപ്പെടെ 44 നദികളുണ്ട്. അങ്ങയെപ്പോലെ ഒരു മെമ്പർ ഇത്തരമൊരു ബിൽ കൊണ്ടുവരുമ്പോൾ കേരളത്തിലെ എല്ലാ നദികൾക്കും ഇതുപോലെ സംരക്ഷണം ആവശ്യമാണ്, അവയും മലിനമാണ്, അതിന് പരിഹാരം കാണാനുള്ള ഒരു സമീപനം ഗവൺമെന്റിന് വേണമെന്നുള്ള അഭിപ്രായം ബഹുമാനപ്പെട്ട മെമ്പർക്കുണ്ടോ?

ശ്രീമതി ശോഭനാ ജോർജ്: തീർച്ചയായും. അദ്ദേഹം പറഞ്ഞത് വളരെ ഗൗരവമായിത്തന്നെയെടുക്കുന്നു. എല്ലാ നദികളുടെ കാര്യത്തിലും സ്ഥിതി ഇതാണെങ്കിലും പമ്പാ നദിക്ക് ഒരു പ്രത്യേകതയുള്ളത് പമ്പാനദി പുണ്യനദിയാണെന്നുള്ളതാണ്. അതിന് നമ്മുടെ സാംസ്കാരിക പൈതൃകവുമായി വളരെയധികം ബന്ധമുണ്ട്.

ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എം. ഹസ്സൻ): സർ, ബഹുമാനപ്പെട്ട മെമ്പർ ശ്രീ. തമ്പാനൂർ രവിയുടെ ചോദ്യത്തിന് ശ്രീമതി ശോഭനാ ജോർജ് മറുപടി പറഞ്ഞുവെങ്കിലും ഒരു പ്രത്യേകതയുണ്ട്, പമ്പാനദിയുടെ മടിത്തട്ടിൽ ജനിച്ച്, പമ്പയുടെ കാറ്റേറ്റു വളർന്ന, പാട്ടുകേട്ടു വളർന്ന ശ്രീമതി ശോഭനാ ജോർജിന് മറ്റു 44 നദികളെപ്പോലെയല്ല പമ്പാനദി. പമ്പയുടെ മടിത്തട്ടിലാണ് ജനിച്ചത്, അതുകൊണ്ട് ആ നദി മലീമസമാകുമ്പോൾ ശ്രീമതി ശോഭനയുടെ കണ്ണുനിറയും, കരളു വിങ്ങിപ്പൊട്ടും, അത് സത്യമല്ലേ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി ശോഭനാ ജോർജ്: സർ, മദിച്ചു വരുന്ന മദയാനയോട് അഹിംസയുടെ രഹസ്യം ഉപദേശിക്കാൻ കയറിയ ജീവകമുനിയുടെ സ്ഥിതിയാണോ ഇപ്പോൾ എനിക്ക് വന്നിരിക്കുന്നതെന്ന് മന്ത്രി പറഞ്ഞതുകേട്ടപ്പോൾ എനിക്കൊരു സംശയമുണ്ട്.

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: സർ, കഴിഞ്ഞ ദിവസം നമ്മുടെ ലീഡർ ശ്രീ. കെ. കരുണാകരന്റെ വീട്ടിൽവച്ച് ശ്രീമതി ശോഭനാ ജോർജ് ടി.വി.-ക്കാരോട് തമിഴിലാണ് സംസാരിച്ചത്. ഇത് നമ്മുടെ ശോഭന എന്ന സിനിമാനടി നാഗവല്ലിയായി മാറിയതുപോലെയുള്ള എന്തെങ്കിലും മാറ്റംകൊണ്ടുണ്ടായതാണോ?

ശ്രീമതി ശോഭനാ ജോർജ്: സർ, ഉണ്ടചോറിനുപകരം ജീവൻ നൽകുന്ന കൃതജ്ഞതയാണ് എനിക്കുള്ളത്. അതുകൊണ്ട് അതിലേയ്ക്ക് പോകാൻ ഞാനാഗ്രഹിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മെമ്പറുടെ സമയം കഴിഞ്ഞു. you can continue next time.

ശ്രീമതി ശോഭനാ ജോർജ്: സർ, ഒരുകാര്യം പറഞ്ഞോട്ടെ, എനിക്ക് നാലു ബില്ലുകളാണുള്ളത്. അടുത്ത രണ്ടു ബില്ലുകളും ഞാൻ അവതരിപ്പിക്കുന്നതു മാത്രമേയുള്ളൂ, സംസാരിക്കുന്നില്ല. അതിനടുത്ത ബിൽ മാത്രമേ ഞാൻ സംസാരിക്കുന്നുള്ളൂ, അങ്ങനെയായാൽ അടുത്തത് ശ്രീ. കെ. പി. രാജേന്ദ്രനുള്ള ഒരു അവസരം കൂടി ഉണ്ടാകുമല്ലോ എന്നു വിചാരിച്ചാണ്. അതുകൊണ്ട് അതിന്റെ സമയമാകുമ്പോൾ പറഞ്ഞാൽമതി, ഞാൻ നിർത്തിക്കോളാം. ഫലഭൂയിഷ്ഠമായ നെല്ലറയായ കുട്ടനാടിന്റെ സൃഷ്ടിതന്നെ ഈ പമ്പാനദിയുമായി ബന്ധപ്പെട്ടതാണ്. ശ്രീകൃഷ്ണന്റെ പ്രിയസഖിയായ കാളിന്ദീനദിയെപ്പോലെയാണ് ശബരിമല അയ്യപ്പന്റെ പുണ്യനദിയായ പമ്പയും എന്നുള്ള പ്രാധാന്യം ഈ നദിക്കുണ്ട്. അതുകൊണ്ട് ഇപ്പോൾതന്നെ പറയുന്നത് പമ്പാ നദിയിലെ 100 മില്ലീലിറ്റർ വെള്ളമെടുത്താൽ ആ നദീജലത്തിൽ മൂന്നര ലക്ഷത്തോളം coliform bacteria ഉണ്ടെന്നാണ്. അതായത് coliform bacteria 500-ലധികമായാൽ ആ ജലം വിഷജലമാണെന്നാണ് പറയുന്നത്. അങ്ങനെവരുമ്പോൾ പമ്പാനദിയെ ആശ്രയിച്ചു ജീവിക്കുന്ന ജനങ്ങളുടേയും പക്ഷിമൃഗാദികളുടേയും കർഷകരുടേയും അതുപോലെ ഇവിടെയെത്തുന്ന ഭക്തന്മാരുടേയും സ്ഥിതിയെന്താണെന്ന് നമുക്ക് ഊഹിക്കാമല്ലോ. ഞാൻ പറയുന്നതു കൊക്കകോള കമ്പനിക്ക് എതിരെ ഉണ്ടായതിനെക്കാൾ വലിയൊരു വിപ്ലവകരമായ ശ്രമം തന്നെ ഇക്കാര്യത്തിൽ ഉണ്ടാകണമെന്നാണ്.

ശ്രീ. കെ. വി. കുഞ്ഞിരാമൻ: ശബരിമല തീർത്ഥാടനം കഴിഞ്ഞതിനുശേഷം വലിയ തോതിൽ അവിടെ വന്നു ചേരുന്ന തീർത്ഥാടകരുടെ മനുഷ്യമാലിന്യങ്ങൾകൊണ്ട് കുമിഞ്ഞു പുഴുവരിക്കുന്ന പമ്പാനദിയിലെ സ്രോതസ്സുകളെ സംബന്ധിച്ചു ഒരു സചിത്ര വാർത്ത ഏഷ്യാനെറ്റിൽ പ്രസിദ്ധീകരിച്ചു. സർക്കാരുകൾക്കും തീർത്ഥാടകർക്കും ഉള്ളതുപോലെ ശബരിമല ദേവസ്വംബോർഡിനും പമ്പാ നദിയെ സംരക്ഷിക്കുന്നതിനുള്ള ഉത്തരവാദിത്വമുണ്ട്. ആ ഉത്തരവാദിത്വം ഇന്നു തീരെ നിർവ്വഹിക്കപ്പെടുന്നില്ല എന്നുള്ള വിവരം അങ്ങേയ്ക്കറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി ശോഭനാ ജോർജ്: എല്ലാ ബില്ലുകളും ഇവിടെ അവതരിപ്പിക്കുമ്പോൾ ബഹുമാന്യനായ മന്ത്രി ഇവിടെ പറയുന്നത് സാമ്പത്തികമായ ബുദ്ധിമുട്ടുണ്ട് എന്നാണ്. എന്നാൽ ഈ ബില്ലിന്റെ കാര്യത്തിൽ സാമ്പത്തിക പ്രശ്നമുണ്ടാകുന്നില്ല. കോടിക്കണക്കിനു രൂപ പമ്പാനദിയുടെ സംരക്ഷണത്തിനുവേണ്ടി ഇവിടെ കൊണ്ടുവന്നിരിക്കുന്നു. എനിക്കു പറയുവാനുള്ളത്, പമ്പാനദിയുമായി ബന്ധമുള്ള, പമ്പാനദിയെപ്പറ്റി അറിയുന്ന, മനസ്സിലാക്കുന്ന ഒരാൾ, അല്ലെങ്കിൽ ഒരു അതോറിറ്റി വേണം ഇതിന്റെ കാര്യങ്ങൾ നടത്തുവാൻ അല്ലെങ്കിൽ നമ്മുടെ കടലാസ്സ് പുലി പോലെയായിപ്പോകും കാര്യങ്ങൾ. ഞാൻ ഇവിടെ നിർത്തുന്നു, അടുത്ത പ്രാവശ്യം എടുക്കാം.

(ചർച്ച തുടരും)

മി. ഡെപ്യൂട്ടി സ്പീക്കർ: അടുത്ത പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

(11) 2002-ലെ കേരള സ്വകാര്യ സെക്യൂരിറ്റി തൊഴിലാളി ക്ഷേമനിധി ബിൽ

ശ്രീമതി ശോഭനാ ജോർജ്: സർ, 2002-ലെ കേരള സ്വകാര്യ സെക്യൂരിറ്റി തൊഴിലാളി ക്ഷേമനിധി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. എ. വാഹീദ്: സർ, ഞാൻ ഇതിനെ പിന്താങ്ങുന്നു.

ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ): സർ, ഞാൻ ഇതിനെ എതിർക്കുകയാണ്. കാരണം ഈ വിഭാഗങ്ങൾക്കുവേണ്ടി ഇപ്പോൾ തന്നെ Shops and Establishments Act-ന്റെ പരിധിയിൽ വരുന്ന എല്ലാവരേയും ഉൾപ്പെടുത്തിക്കൊണ്ടുള്ള Labour Welfare Fund നിലവിലുണ്ട്. ഇവർക്ക് അതിൽ അംഗങ്ങൾ ആകാവുന്നതാണ് എന്നുള്ളതുകൊണ്ട് ഈ ബില്ലിന് പ്രത്യേക പ്രസക്തിയില്ല എന്നുള്ള അഭിപ്രായത്തിലാണ് ഈ ബില്ലിനെ എതിർക്കുന്നത്.

ശ്രീമതി ശോഭനാ ജോർജ്: സർ, അടുത്ത ബിൽ അവതരിപ്പിക്കാൻ അങ്ങ് എന്നെ അനുവദിക്കുമെങ്കിൽ ഈ ബില്ലിനെക്കുറിച്ചു ഞാൻ അടുത്ത പ്രാവശ്യം സംസാരിച്ചുകൊള്ളാം.

(ചർച്ച തുടരും)

മി. ഡെപ്യൂട്ടി സ്പീക്കർ: You can move.

(12) 2002-ലെ കേരള കവുങ്ങ് (അടയ്ക്ക) കർഷക ക്ഷേമനിധി ബിൽ

ശ്രീമതി ശോഭനാ ജോർജ്: സർ, 2002-ലെ കേരള കവുങ്ങ് (അടയ്ക്ക) കർഷകക്ഷേമനിധി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. എ. വാഹീദ്: സർ, ഞാൻ ഇതിനെ പിന്താങ്ങുന്നു.